DESPATCHED
On..25/02/2020

16/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.709(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.8951/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.ആർ. ഗോപാലകൃഷ്ണൻ
ശ്രീനന്ദനം,
പാൽസൊസൈറ്റിക്ക് എതിർവശം,
നല്ലൂർ മാർക്കറ്റിന് സമീപം,
ഫറോക്ക്. പി.ഒ
കോഴിക്കോട്- 673 631
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് അക്കൗണ്ടസ് ഓഫീസർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ് (വിജിലൻസ്) വൈദ്യുതി ഭവനം
പട്ടം, തിരുവനന്തപുരം.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 04.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.04.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.05.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 27.05.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 14.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.ആർ.ഗോപാലകൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒരു ഫയലിന്റെ തുടക്കം മുതൽ അവസാനം വരെ KSEB ചീഫ് വിജിലൻസ് സൂപ്രണ്ട് ഓഫ് പോലീസിന് കൈമാറിയ ചാർജ്ജ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ആവശ്യപ്പെട്ടിരുന്നുവെന്നും അതനുസരിച്ച് പ്രസ്തുത കാലയളവിൽ എട്ടോളം CTC കൾ ഉണ്ടെന്നും തപാൽ ചാർജ്ജുകൾ ഉൾപ്പെടെ 51 രൂപ ഫീസ് ഒടുക്കുവാനും എതിർകക്ഷി ആവശ്യപ്പെട്ടിരുന്നുവെന്നും അതുപ്രകാരം DD അയച്ചു കൊടുത്ത് ലഭ്യമാക്കിയ പകർപ്പുകൾ പരിശോധിച്ചപ്പോൾ ടിയാൻ ചൂണ്ടിക്കാട്ടിയ കാലയളവിലെ 2 സി.റ്റി.സി കൾ മാത്രമാണ് നൽകിയിട്ടുള്ളതെന്നു ബോധ്യമായെന്നും മറ്റ് 2 സി.റ്റി.സി കൾ പരാമർശിത കാലയളവിന് ശേഷമുള്ളതാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട കാലയളവിലെ എല്ലാ സി.റ്റി.സി കളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i) KSEB ചീഫ് വിജിലൻസ് ഓഫീസർ തന്റെ അഭാവത്തിൽ സൂപ്രണ്ട് ഓഫ് പോലീസിന് ഫയലുകളിൽ ഒപ്പിടാൻ നൽകുന്ന നിയമ സാധുതയുള്ള ചാർജ്ജ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് അഥവാ സമാനമായ അനുമതി പത്രങ്ങളുടെ 30.01.2007 മുതൽ 19.04.2010 വരെയുള്ള പകർപ്പുകൾ നൽകണമെന്നും

ii) 17.03.2015 ൽ ഡ്യൂട്ടിയിലുള്ള സൂപ്രണ്ട് ഓഫ് പോലീസിന്റെ (വിജിലൻസ് KSEB) ഇനീഷ്യലും പോലീസ് പദവിയും സഹിതമുള്ള പേര് നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന 30.01.2007 മുതൽ 19.04.2010 വരെയുള്ള കാലയളവിൽ എട്ടോളം സി.റ്റി.സിയുടെ പകർപ്പുകൾ ലഭ്യമായിട്ടുണ്ടെന്നും ആയതിന് 16 രൂപയും രജിസ്റ്റേർഡ് തപാൽ ചാർജ്ജിനത്തിൽ 35 രൂപയും ചേർത്ത് 51 രൂപ മണി ഓർഡറായോ നേരിട്ടോ അടയ്ക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ഹർജിക്കാരൻ ഫീസ് ഒടുക്കിയതിനെ തുടർന്ന് 06.05.2015 തീയതി മേൽപ്പടി രേഖകളുടെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകിയതായും കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ SPIO ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട കാലയളവിൽ 2 സി.റ്റി.സി കൾ മാത്രമാണ് ഉണ്ടായിരുന്നത് എന്നും ആയത് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഫയലുകളിൽ ലഭ്യമായിരുന്നില്ലായെന്നും എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേയ്ക്കായി അന്നത്തെ ചീഫ് വിജിലൻസ് ഓഫീസർക്ക് കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ രേഖകളാണ് ഹർജിക്കാരന് നൽകിയതെന്നും അന്നത്തെ ചീഫ് വിജിലൻസ് ഓഫീസർ കറന്റ് ഡ്യൂട്ടിക്ക് സി.റ്റി.സി. ഇല്ലായെന്നും അവൈലബിൾ സി.റ്റി.സി. ഇഷ്യൂ ചെയ്യാൻ ഉത്തരവിട്ടതനുസരിച്ചാണ് അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നും ലഭിച്ച എല്ലാ സി.റ്റി.സി. കളും ഹർജിക്കാരന് അയച്ചു നൽകിയിരുന്നത് എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ കാലയളവിലെ 2 സി.റ്റി.സി കൾ മാത്രമാണ് ഹർജിക്കാരന് അയച്ചു നൽകിയിരുന്നത് എന്നും മറ്റു സി.റ്റി.സി കൾ പരാമർശിത കാലയളവിലേതായിരുന്നില്ല എന്നും കാണുന്നു. ആയതിനാൽ ആവശ്യപ്പെടാത്ത രേഖകൾക്കായി ഹർജിക്കാരനിൽ നിന്നും ഈടാക്കിയ 14 രൂപ തിരികെ ലഭിക്കാനുള്ള അർഹത ടിയാന് ഉണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപ്രകാരം തന്നെ ഹർജിക്കാരനിൽ നിന്നും രജിസ്റ്റേർഡ് തപാൽ ചാർജ്ജിനത്തിൽ ഈടാക്കിയ 35 രൂപ നിയമാനുസൃതമായിരുന്നില്ലെന്നും ആയതിനാൽ മേൽപ്പടി തുക ഹർജിക്കാരന് തിരികെ ലഭിക്കേണ്ടതാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഹർജിക്കാരനിൽ നിന്നും നിയമാനുസൃതമല്ലാതെ ഈടാക്കിയ 49 രൂപ ടിയാന് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം തിരികെ നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

അഡീഷണൽ സെക്രട്ടറി(നിയമം)